14173
28/6/17

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - ആലപ്പുഴ ജില്ല - ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്

സ.ഉ.(സാധാ) നം: 2740/2017/2017/റവ. തിരുവനന്തപുരം, തീയതി, 20.06.2017

==========================================================================

പരാമർശം: 1. ശ്രീ.അന്റണി (ആൻഡ്രൂസ്) എന്നയാളുടെ 24.10.2016-ലെ അപേക്ഷ

2. ആലപ്പുഴ ജില്ലാ കളക്ടറുടെ 24.12.2016-ലെ എൻ9.36327/16 നമ്പർ കത്ത്.

## ഉത്തരവ്

ആലപ്പുഴ അന്ധകാരനഴി പി.ഒ. കമ്പോളത്ത് പറമ്പിൽ, ആന്റണി (ആൻഡ്രൂസ്) എന്നയാളുടെ ചികിത്സയ്ക്കായി ജനസമ്പർക്ക പരിപാടിയിൽ 2015-ൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 50,000/- രൂപ (അമ്പതിനായിരം രൂപ മാത്രം) അനുവദിച്ചത് ലഭിച്ചിട്ടില്ലെന്നും ആയത് ശ്രീ.ആന്റണി മുത്തേടത്ത് എന്നയാൾക്ക് ലഭിച്ചുവെന്നും സൂചന(2) പ്രകാരം റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി.

2. മേൽ സാഹചര്യത്തിൽ ആലപ്പുഴ അന്ധകാരനഴി പി.ഒ., കമ്പോളത്ത് പറമ്പിൽ, ശ്രീ.ആന്റണി (ആൻഡ്രൂസ്) എന്നയാൾക്ക് ചികിത്സയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 50,000/- രൂപ (അമ്പതിനായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

3. ടി 50,000/- രൂപ (അമ്പതിനായിരം രൂപ മാത്രം) 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തുക ആലപ്പുഴ ജില്ലാ കളക്ടർക്ക് നൽകേണ്ടതും ജില്ലാ കളക്ടർ പ്രസ്തുത തുക ശ്രീ.ആന്റണി (ആൻഡ്രൂസ്)ക്ക് അടിയന്തിരമായി നൽകി വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

4. കൂടാതെ ശ്രീ.ആന്റണി (ആൻഡ്രൂസ്)ിക്ക് അനുവദിച്ച തുക 50,000/- രൂപ തെറ്റായി ലഭിച്ച ശ്രീ.ആന്റണി മുത്തേടത്ത് എന്നയാൾ ധനസഹായത്തിനർഹനാണോ എന്ന വിവരം സഹിതം ടി തുക തെറ്റായി നൽകാനിടയായ സാഹചര്യം അന്വേഷിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ. ടി.കെ.
ഡെപ്യൂട്ടി സെക്രട്ടറി

ജില്ലാ കളക്ടർ, ആലപ്പുഴ.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി).
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ